# INDIAN SCHOOL AL WADI AL KABIR

## Mid Term Examination 2024 -25

**Malayalam (012)**

Date: 22/09/2024 Time Allowed :3 hours

Class: IX Maximum Marks: 80

*General Instructions:*

1. Please check that this question paper contains 9 questions and 9 printed pages.
2. This question paper is divided into two sections:

   Section A - Reading Comprehension, Vocabulary Building & M.C.Q – 40 Marks

   Section B - Grammar, Composition, Literature (Prose, Poetry & Non-detailed) - 40 Marks.

## SECTION – A / എ വിഭാഗം

1. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) ( 8 X 1=8 )**

ജനിച്ച നാടുവിട്ടകലെയാസ്സാമിൽ പണിക്കു
പോകുന്ന പരിഷകൾ ഞങ്ങൾ,
കുതിച്ചു തീവണ്ടി കിതച്ചു പായുന്നു
കുതുകാൽച്ചിന്തകൾ കുതിക്കുന്നു മുമ്പേ,
പല നാളായി പിരിഞ്ഞിരുന്ന ഞങ്ങൾക്കീ
മലനാടെത്രമേൽ മധുരദർശനം
തുരുതുരെ കൊക്കു പറക്കും പാടങ്ങൾ,
തുടരണിമണി കിലുങ്ങും മേടുകൾ,
മുടി വിടർത്താടും കവുങ്ങുതെങ്ങുകൾ-
ക്കിടയ്ക്കു പുഞ്ചിരി പൊഴിക്കും വീടുകൾ
കരയ്ക്കു മാമ്പൂവാം നിരത്തുകൾ,
നാട്ടിൻ പുറത്തെ സ്വപ്നം കണ്ടെഴും നഗരികൾ.
ഉടനുടനോടിയടുക്കട്ടെ, ചുറ്റും
നടനം ചെയ്യട്ടെ പഴയ കൂട്ടുകാർ

**<u>ചോദ്യങ്ങൾ</u>**

(a) ജനിച്ച നാടുവിട്ട് പരിഷകൾ പണിക്ക് പോകുന്നതെവിടെയാണ് ?

(b) കുതിച്ചു പായുന്ന തീവണ്ടിയെക്കാൾ മുമ്പേ കുതിക്കുന്നതെന്ത് ?

(c) എന്തിനെയാണ് മധുരദർശനം എന്ന് പറയുന്നത് ?

(d) തുരുതുരെ കൊക്കു പറക്കുന്നത് എവിടെയാണ് ?

(e) മുടി വിടർത്താടുന്നതുപോലെ കാണപ്പെടുന്നതെന്ത് ?

(f) ഇടയ്ക്കിടെ പുഞ്ചിരി പൊഴിച്ചു നിൽക്കുന്നതെന്ത് ?

(g) നഗരികൾ എന്താണ് സ്വപ്നം കാണുന്നത് ?

(h) പഴയ കൂട്ടുകാർ എന്ത് ചെയ്യട്ടെ എന്നാണ് പറയുന്നത് ?

2. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) ( 7 X 1=7 )**

തേടിയേറെപ്പറന്നു മരപ്പൊത്തിൽ
കൂടുകൂട്ടുന്നു രണ്ടിണപ്പക്ഷികൾ
നാരു ചപ്പില പഞ്ഞി കൊണ്ടായതിൻ-
ചേരുവയ്ക്കായ് പണിപ്പെട്ടു രാപ്പകൽ
പൂവനോരൊന്നു കൊത്തിപ്പെറുക്കുന്നു
ഭാവശില്പം പണിയുന്നു പെൺകിളി.
കൊച്ചുവീടതു പൂർത്തിയായ് കാലത്തിൻ-
സ്വച്ഛതയിൽ, വസന്തലഹരിയിൽ
തൂമരന്ദം വഴിഞ്ഞു പുഷ്പങ്ങളിൽ
തൂങ്ങി കായ്കനി വൃക്ഷലതകളിൽ
തക്കനേരത്തിലാത്മസംതൃപ്തിയാൽ
കൊക്കുരുമ്മിയിരുന്നു പക്ഷികൾ
രണ്ടു മൂന്നു ദിനങ്ങൾ കഴിഞ്ഞപ്പോൾ
രണ്ടു മുട്ടകളിട്ടു കുടുംബിനി
കണ്ട കാട്ടിൽ പറന്നുനടന്നിര-
കൊണ്ടു വന്നു ദിനം തോറുമാൺകിളി
മാറിമാറിയടയിരുന്നൊട്ടുനാൾ

മാറി , മുട്ട വിരിഞ്ഞു , പൂമൊട്ടുപോൽ
രണ്ടിലും കിളിച്ചുണ്ടുകൾ കാണായി.

**<u>ചോദ്യങ്ങൾ</u>**

(a) എവിടെയാണ് രണ്ടിണപ്പക്ഷികൾ കൂട് കൂട്ടുന്നത് ?

(b) കിളികൾ രാപ്പകൽ പണിപ്പെട്ടതെന്തിന് ?

(c) ഭാവശില്പം പോലെ കൂടൊരുക്കിയതാര് ?

(d) വസന്തലഹരിയിൽ തൂമരന്ദം വഴിഞ്ഞു വീണതെവിടെ ?

(e) ആത്മസംതൃപ്തിയാൽ പക്ഷികൾ എന്താണ് ചെയ്തത് ?

(f) കാട്ടിൽ പറന്നുനടന്ന് ഇര കൊണ്ടു വന്നതാര് ?

(g) പൂമൊട്ടുപോൽ കാണായത് എന്ത് ?

**3. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (7 X 1=7)**

(a) രൂപം എന്നർത്ഥം വരുന്ന പദം ഏത് ?

(a) കരാളം (b) ആകാരം

(c) പ്രഹരം (d) മൂല്യം

(b) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.

(a) അധിശയോക്തി (b) അദിശയോക്തി

(c) അഥിശയോക്തി (d) അതിശയോക്തി

(c) ശുദ്ധം എന്ന വാക്കിന്റെ വിപരീതപദം ഏത് ?

(a) അശുദ്ധം (b) വിശുദ്ധം

(c) പരിശുദ്ധം (d) സംശുദ്ധം

(d) നാൾ എന്നതിന്റെ നാനാർത്ഥപദങ്ങൾ ഏത് ?

(a) സ്വർഗം, ആകാശം (b) ഭാരം, മേഘം

(c) ദിവസം, നക്ഷത്രം (d) ഇരുട്ട്, ദുഃഖം

(e) മനുഷ്യൻ എന്ന പദത്തിന്റെ ശരിയായ പര്യായപദങ്ങൾ ഏവ ?

(a) പരൻ, ഭഗവാൻ (b) നരൻ, മർത്ത്യൻ

(c) ഇനൻ, ദിവാകരൻ (d) ഭ്രാതാവ്, സഹജൻ

(f) ഗവേഷകൻ എന്ന പദത്തിന്റെ എതിർലിംഗം എന്താണ് ?

(a) ഗവേഷകി (b) ഗവേഷകർ

(c) ഗവേഷക (d) ഗവേഷിനി

(g) കാള എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത് ?

(a) വൃഷം (b) ഋഷഭം

(c) ഭദ്രം (d) ശകടം

(h) ഈശ്വരസൃഷ്ടി എന്നതിന്റെ ശരിയായ വിഗ്രഹരൂപം ഏത് ?

(a) ഈശ്വരന്റെ സൃഷ്ടി (b) ഈശ്വരനാകുന്ന സൃഷ്ടി

(c) ഈശ്വരനോടുള്ള സൃഷ്ടി (d) ഈശ്വരനും സൃഷ്ടിയും

(i) അന്തിയിൽ എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ ?

(a) അന്തി + യിൽ (b) അന്തിയ് + ഇൽ

(c) അന്തം + ഇൽ (d) അന്തി + ഇൽ

(j) പരിണാമം - പരിമാണം എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത് ?

(a) ശാഖ - കൂട്ടം (b) രൂപം - സമയം

(c) മാറ്റം - അളവ് (d) കല്ല് - ആലയം

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം) (9 X 2=18)**

(a) "സ്വച്ഛനിദ്രയിൽ മുങ്ങി പഥികർ ശയിക്കുമ്പോൾ"

(i) എവിടെയാണ് പഥികർ ശയിക്കുന്നത് ?

(a) വിഷക്കാവിൽ (b) പേരാലിൻ ചുവട്ടിൽ

(c) കാഞ്ഞിരമരത്തോപ്പിൽ (d) അകലെക്കുന്നിൻമോളിൽ

(ii) 'കാളകൾ' എന്ന കവിത ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(a) ഓടക്കുഴലും ലാത്തിയും (b) രണഭേരി

(c) ഓർക്കുക വല്ലപ്പോഴും (d) കായൽക്കാറ്റ്

(b) "അങ്ങൊരു മഹാത്മാവ്, ഞാൻ ഒരു പാവപ്പെട്ട ഭക്തൻ. ഞാൻ ഒരിക്കലും അനുസരണക്കേട് കാണിക്കുകയില്ല "

(i) നിത്യചൈതന്യയതിയോട് ഇങ്ങനെ പറഞ്ഞതാരാണ് ?

(a) കർത്താർസിങ് (b) ദാമോദർ ഗാവുങ്കർ

(c) രംഗോപാൽ മിശ്ര (d) സ്റ്റേഷൻ മാസ്റ്റർ

(ii) തീവണ്ടിയിൽ നിന്ന് യതി പുറത്തിറങ്ങിയത് എന്തിനുവേണ്ടിയായിരുന്നു ?

(a) ചായ കുടിക്കാൻ (b) കാഴ്ചകൾ കാണാൻ

(c) ഊണ് കഴിക്കാൻ (d) പുസ്തകം വാങ്ങാൻ

(c) "അടഞ്ഞ കൺ നമ്മൾ തുറന്നിടും മുൻപദ്ദീപമേകുന്നു കൊളുത്തി വീണ്ടും"

(i) നാം കൺ തുറക്കുന്നതിനു മുൻപ് ആരാണ് ദീപം കൊളുത്തുന്നത് ?

(a) ചന്ദ്രൻ (b) നക്ഷത്രങ്ങൾ

(c) മേഘങ്ങൾ (d) ഈശൻ

(ii) ഉള്ളൂർ എഴുതിയ മഹാകാവ്യം ഏത് ?

(a) വീണപൂവ് (b) സാഹിത്യമഞ്ജരി

(c) ഉമാകേരളം (d) ചിത്രയോഗം

(d) "അവ നമ്മെ വധിക്കുന്നത് വെറും വിരസത കൊണ്ടു മാത്രം"

(i) എന്തിനെക്കുറിച്ചാണ് സക്കറിയ ഇങ്ങനെ പറയുന്നത് ?

(a) തവളകളെക്കുറിച്ച് (b) നീർനായ്ക്കളെക്കുറിച്ച്

(c) മീനുകളെക്കുറിച്ച് (d) ഹിപ്പോപ്പൊട്ടാമസിനെക്കുറിച്ച്

(ii) വെള്ളച്ചാട്ടത്തിനു പിന്നിൽ ലക്ഷ്മണരേഖ വരച്ചു ജീവിക്കുന്നത് ആര് ?

(a) പാമ്പുകൾ (b) മീനുകൾ

(c) നീർനായ്ക്കൾ (d) മുതലകൾ

(e) "ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ! "

(i) ആരാണ് ജീവിതഭാരം നിറഞ്ഞ വണ്ടി വലിക്കുന്നത് ?

(a) വണ്ടിക്കാരൻ (b) ബന്ധുക്കൾ

(c) സുഹൃത്തുക്കൾ (d) അയൽക്കാർ

(ii) എന്താണ് അപൂർവമായി കേൾക്കാറുള്ളത് ?

(a) ബന്ധുക്കളുടെ വിലാപം (b) വണ്ടിത്തണ്ടിന്റെ ഞരക്കം

(c) വണ്ടിക്കാരന്റെ മൂളിപ്പാട്ട് (d) വണ്ടിക്കാരന്റെ കരച്ചിൽ

(f) "ഉഡുപംക്തിയെ കൊണ്ടിരുട്ടു തൽക്കാലമകറ്റിയീശൻ"

(i) ഉഡുപംക്തിയെ കൊണ്ട് ഇരുട്ട് അകറ്റുന്നത് എപ്പോഴാണ് ?

(a) സൂര്യൻ ഉദിക്കുമ്പോൾ
(b) നേരം പുലരുമ്പോൾ
(c) ഇനൻ പൊലിയുമ്പോൾ
(d) ചന്ദ്രൻ മറയുമ്പോൾ

(ii) 'വിശ്വം ദീപമയം' എന്ന കവിത എഴുതിയതാര് ?

(a) ഇടശ്ശേരി
(b) ഉള്ളൂർ
(c) പി. ഭാസ്കരൻ
(d) വയലാർ

(g) "ഇന്ന് നമുക്ക് ടാക്സിയിൽ പോകാം. ബസ് കാത്തു നിന്ന് സമയം കളയണ്ട."

(i) ഇങ്ങനെ പറഞ്ഞതാരാണ് ?

(a) രാംഗോപാൽ മിശ്ര
(b) ദാമോദർ ഗാവുങ്കർ
(c) നിത്യചൈതന്യയതി
(d) കർത്താർസിങ്

(ii) 'രണ്ടു ടാക്സിക്കാർ' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(a) പ്രേമവും ഭക്തിയും
(b) എന്റെ മനസ്സിലെ ഗാന്ധി
(c) മരണമെന്ന വാതിലിനപ്പുറം
(d) യതിചര്യ

(h) "അവിടെ നിന്ന് ഒരു കിലോമീറ്ററിന് മുകളിൽ പോലും സാംബസിയിലെ വെള്ളത്തിൽ കുളിക്കുക പോട്ടെ കയ്യോ കാലോ മുക്കുന്നതുപോലും അപകടമാണ് "

(i) അപകടമാണെന്ന് പറയാൻ കാരണമെന്ത് ?

(a) ചീങ്കണ്ണികളും ഹിപ്പോകളും ഉള്ളതിനാൽ
(b) ആഗ്നേയശിലകൾ ഉള്ളതിനാൽ
(c) അഗാധമായ ഗർത്തങ്ങൾ ഉള്ളതിനാൽ
(d) ശക്തമായ കുത്തൊഴുക്ക് ഉള്ളതിനാൽ

(ii) ഈ സന്ദർഭം ഉൾക്കൊള്ളുന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

(a) ചെറുകഥ
(b) ആത്മകഥ
(c) യാത്രാവിവരണം
(d) നോവൽ

(i) "ഒട്ടേറെക്കാലം മുമ്പിലച്ചെറുപഞ്ഞക്കുടിൽ -
തൊട്ടിലിൽ കൈക്കുഞ്ഞായി പിറന്ന കാലം മുതൽ"

(i) പഞ്ഞക്കുടിൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

(a) ദാരിദ്ര്യം ഉള്ള കുടിൽ
(b) പുല്ലുമേഞ്ഞ കുടിൽ

(c) ഓലക്കുടിൽ (d) ചെറിയ കുടിൽ

(ii) ആരാണ് പഞ്ഞക്കുടിലിൽ പിറന്നത് ?

(a) കവി (b) കൃഷിക്കാരൻ

(c) പഥികൻ (d) കാളവണ്ടിക്കാരൻ

(j) “ഒരാളുടെ കർമ്മം ഫലിച്ചില്ലെങ്കിലും കർമ്മത്തിന് പ്രേരിപ്പിക്കുന്ന ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ അതിന്റെ കർത്താവ് ഈശ്വരദൃഷ്ടിയിൽ സമ്മാനീയനാണ് ”

(i) ഏത് തത്ത്വചിന്തകന്റെ ആശയമാണ് ഇത് ?

(a) പ്ലേറ്റോ (b) ഡേവിഡ് ഹ്യൂം

(c) ഇമ്മാനുവേൽ കാന്റ് (d) സോക്രട്ടീസ്

(ii) ഈ ആശയം ഉൾക്കൊള്ളുന്ന ഉദ്ധരണി തെറ്റുകൂടാതെ പറഞ്ഞതാര് ?

(a) കർത്താർസിങ് (b) ദാമോദർ ഗാവുങ്കർ

(c) നിത്യചൈതന്യയതി (d) രാംഗോപാൽ മിശ്ര

## SECTION – B / ബി വിഭാഗം

**5. (a) പ്രയോഗം മാറ്റുക.** **(2 X 1=2)**

(i) അമ്മ വിഭവസമൃദ്ധമായ അത്താഴം ശരിയാക്കി വച്ചിരുന്നു.

(ii) ഡേവിഡ് ലിവിങ്സ്റ്റൺ വിക്ടോറിയാ വെള്ളച്ചാട്ടം കണ്ടുപിടിച്ചു

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2 X 1=2)**

(i) വാരണാസിയിൽ എത്തുന്നതിനു മുൻപുള്ള സ്റ്റേഷനിൽ വച്ച് ഒരു വെയിറ്റർ ഊണ് കൊണ്ടു വന്നു.

(ii) വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ വക്കിലെത്തുംവരെ സാംബസി നദിയുടെ അവസ്ഥ ഏതാണ്ട് ഇതാണ്.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 X 1=2)**

(i) എനിക്ക് ആ സമയത്ത് ഒരേയൊരു ഏക ആശ്രയം ആ ഡ്രൈവർ മാത്രമായിരുന്നു .

(ii) പ്രതിവർഷം തോറും കോടാനുകോടി ഡോളറിന്റെ ആദായമുണ്ടാക്കുന്ന വെള്ളച്ചാട്ടത്തെ ഇരുരാജ്യങ്ങളും സൗഹാർദപരമായി പങ്കിടുകയാണ്.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2 X 1=2)**

(i) നിറഞ്ഞു നിൽക്കുക

(ii) അന്തംവിട്ടു പോവുക

(iii) പിടിച്ചു കുലുക്കുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

(ii) മലയാളം മറക്കുന്ന മലയാളി

(b) നിങ്ങളുടെ സ്കൂൾ പരിസരത്ത് വർദ്ധിച്ചു വരുന്ന ലഹരിവസ്തുക്കളുടെ വില്പന തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പഞ്ചായത്ത് പ്രസിഡണ്ടിന് ഒരു കത്ത് തയ്യാറാക്കുക. **( 5 )**

(c) വയനാട് ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട വിദ്യാർത്ഥിക്ക് സഹപാഠികളും അധ്യാപകരും ചേർന്ന് പുതിയ വീട് നിർമ്മിച്ചു നൽകി. ഇതിനെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. **( 4 )**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) “ടാക്സി റോഡരികിൽ ചേർത്ത് നിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു”. കാരണമെന്ത് ?

(ii) വിക്ടോറിയാ വെള്ളച്ചാട്ടത്തിലേക്കു പതിക്കുമ്പോൾ സാംബസി നദിക്കുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം ?

(iii) ലോകം തവിടുപൊടിയായി പോയെന്ന് ലേഖകന് തോന്നിയത് എപ്പോൾ ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) “മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്ത് വണ്ടിക്കയ്യിലിരിപ്പൂ  കൂനിക്കൂടി ” വണ്ടിക്കാരനെ കാളയോട് താരതമ്യപ്പെടുത്താൻ കാരണമെന്ത് ?

(ii) “അതായിരിക്കാം പൊരുളാ പ്രവൃത്തി-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്വോൻ  ” മർത്ത്യന്റെ ഹിതം അറിഞ്ഞ് ദൈവം  ചെയ്തത് എന്ത് ?

(iii) അദ്ധ്വാനഭാരം വണ്ടിക്കാരനിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) ബിലേയുടെ ദാനശീലം വ്യക്തമാക്കുന്ന ബാല്യത്തിലെ ഒരു  സംഭവമെഴുതുക.

(ii) “ബാല്യത്തിൽത്തന്നെ ധ്യാനത്തിൽ ലയിച്ചു പരിസരം മറന്നിരിക്കുക ബിലെയുടെ രീതിയായിരുന്നു ” സമർത്ഥിക്കുക.

(iii) “നിർഭയത്വം പോലെ തന്നെ വിപദി ധൈര്യവും നരേന്ദ്രന്റെ കൂടപ്പിറപ്പായിരുന്നു” വിശദീകരിക്കുക.

***